**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 427** **05-07-2024 - ൽ മറുപടിയ്ക്ക്**

**റോഡപകടങ്ങളിൽ നിന്ന് കാൽനടയാത്രക്കാരെ രക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡുകളിൽ സംഭവിക്കുന്ന അപകടമരണങ്ങളിൽ ഇരുപത്തിയഞ്ച് ശതമാനത്തിൽ കൂടുതൽ കാൽനടയാത്രക്കാരാണെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഗൗരവത്തോടെ കാണുന്നുണ്ട്. കാൽനടയാത്രക്കാർക്ക് അപകട സാധ്യതയും അസൗകര്യവും ഉണ്ടാകുന്ന തരത്തിലുള്ള പാതയോരങ്ങളിലെ അനധികൃത വാ ഹന പാർക്കിങ്ങുകൾക്കും, ഡ്രൈവിംഗ് മേഖലയിലെ നിയമലംഘനങ്ങൾക്കുമെതിരെ മോട്ടോർവാഹന(Enforcement) വകുപ്പും പോലീസ് വകുപ്പും നടപടികൾ സ്വീകരിക്കുന്നുണ്ട്.കാൽനടയാത്രക്കാർക്ക് സുരക്ഷിതമായും സുഗമമായും നടക്കാൻ വേണ്ട ഫുട്ട് പാത്തുകൾ നിർമ്മിക്കാനുളള നടപടികൾ പ ൊതുമരാമത്ത് വകുപ്പാണ് സ്വീകരിക്കുന്നത്. സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കി വരുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ളതാണ് "സേഫ് കേരള പദ്ധതി." ട്രാഫിക്ക് നിയമ ലംഘനം തടയുന്നതിനും വാഹനഅപകടങ്ങളും അതുവഴിയുണ്ടാകുന്ന മരണങ്ങളും കുറയ്ക്കുന്നതിനു വേണ്ടി എൻ ഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കി കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ചു. വകുപ്പിൽ നിലവിലുണ്ടായിരുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് പുറമെ 51 സ്ക്വാഡുകൾ കൂടി രൂപീകരിച്ചും ഉദ്യോ ഗസ്ഥരെ പുനർവിന്യസിച്ചും നടപടി ശക്തമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 14 ജില്ലകളി ലും പദ്ധതിയുടെ ഭാഗമായി കൺട്രോൾ റൂമുകൾ സ്ഥാപിച്ചുകൊണ്ട് വാഹന നിയമലംഘനങ്ങൾ കണ്ടെത്താനും അപകടമേഖലകൾ കണ്ടെത്തി അതിനുള്ള പരിഹാരം നിർദ്ദേശിക്കാനും ട്രാഫിക്ക് ബോധവൽകരണ ക്ലാസുകൾ സംഘടിപ്പിക്കാനും അപകടങ്ങൾ |

| | | | |
|---|---|---|---|
| | | | ഉണ്ടായാൽ കാരണങ്ങൾ കണ്ടെത്തുവാനും സ്ക്വാഡുകൾ പ്രവർത്തിച്ചുവരികയുമാണ്. ജില്ലാ റോഡ് സേഫ്റ്റി അതോറിറ്റി കൺവീനർമാരായി ജില്ലകളിൽ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ ചുമതലപ്പെടുത്തിയത് വഴി റോഡിൽ അപകടസാധ്യതയുള്ള വിഷയങ്ങളിൽ ത്വരിതഗതിയിൽ നടപടി സ്വീകരിക്കാൻ സാധിക്കുന്നുണ്ട്. കൂടാതെ ശാസ്ത്രീയമായ ഡ്രൈവിംഗ് പരിശീലനം ഉറപ്പ് വരുത്തി ഗുണമേന്മയുള്ള ഡ്രൈവിംഗ് ലൈസൻസ് നൽകാനുള്ള സർക്കാർ തീരുമാനം സംസ്ഥാനത്തെ പൊതുനിരത്തുകളിൽ ഉണ്ടാകുന്ന ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും പൊതു നിരത്തുകളിലെ അപകടകരമായ ഡ്രൈവിംഗിനെതിരെയും ഒരു പരിധി വരെ പരിഹാരമാകും.. ഇത്തരം പരാതികൾ പൊതുജനങ്ങളിൽ നിന്നും ഇ-മെയി ൽ, വാട്ട്സ് ആപ്പ് എന്നിവ വഴി ലഭിക്കു മുറയ്ക്ക് അന്വേഷണം നടത്തി കുറ്റക്കാരാണെന്ന് കണ്ടാൽ പിഴ ഈടാക്കുക , ഗുരുതരനിയമലംഘനങ്ങൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലൈസൻസ് എന്നിവ സസ്പെന്റ് ചെയ്യുന്നതും IDTR പരിശീലന-ബോധവൽകരണ ക്ലാസ്സുകൾ നൽകുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സേഫ് കേരള പദ്ധതിയിലെ ഉദ്യോഗസ്ഥർ സ്വീകരിച്ച വരുന്നു. സേഫ് കേരള പദ്ധതിയുടെ ഭാഗമായി നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന ക്യാമറകൾ ഉൾപ്പെടുത്തി മോട്ടോർ വാഹനനിയമലംഘനങ്ങൾ കണ്ടെത്തുന്ന 'Fully Automated Traffic Enforcement System' എന്ന പദ്ധതി റോഡ് അപകടങ്ങൾ മൂലമുണ്ടാകുന്ന മരണങ്ങളും ഗുരുതര പരുക്കുകളും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആണ് വിഭാവനം ചെയ്തിട്ടുള്ളത്. ഹെൽമെറ്റ് ധരിക്കാതെയുള്ള ഇരു ചക്രവാഹന യാത്ര, സീ റ്റ് ബെൽറ്റ് ധരിക്കാതെയുള്ള യാത്ര, വാഹനം ഓടിക്കുമ്പോൾ ഉള്ള മൊബൈൽ ഫോൺ ഉപയോഗം, അമിതവേഗം, റെഡ് ലൈറ്റ് ലംഘിക്കൽ, തെറ്റായ പാർക്കിംഗ് രീതികൾ മുതലായ ട്രാഫിക് നിയമ ലംഘനങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞാൽ വലിയ ശതമാനം റോഡപകടമരണങ്ങളും ഗുരുതര പരുക്കുകളും ഒഴിവാക്കാൻ കഴിയും എന്നാണ് കാണുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 12 ജില്ലകളിലായി എൻഫോഴ്സ്മെന്റ് കൺട്രോൾ റൂമുകളും ഒരു ഡാറ്റാസെന്റർ അടങ്ങുന്ന സെൻട്രൽ കൺട്രോൾ റൂമും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | സീബ്രാലൈൻ മുറിച്ചുകടക്കുന്ന യാത്രക്കാരെ ഉൾപ്പെടെ വാഹനമിടിക്കുന്ന സംഭവങ്ങൾ തടയാൻ | (ബി) | ഇതിനായി സിബ്രാ ക്രോസിംഗുകളിൽ കാൽനടയാത്രക്കാർ റോഡ് മുറിച്ച് കടക്കുന്നതിനായി |

| | | | |
|---|---|---|---|
| | സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | | നിൽക്കുന്ന സമയത്ത് വാഹനം നിർത്താത്തതുൾപ്പെടെ എല്ലാ നിയമ ലംഘനങ്ങളും പരിശോധിക്കുന്നതിനായി എൻഫോഴ്സ്മെന്റ് സ്പെഷ്യൽ ഡ്രൈവ് പരിശോധന നടത്തി വരുന്നുണ്ട്. ഇത്തരം പരിശോധനകൾ നിരന്തരം സംഘടിപ്പിച്ച് കാൽ നടയാത്രക്കാരുടെ സുരക്ഷ സീബ്രാ ക്രോസിംഗുകളിൽ ഉറപ്പാക്കും. |
| (സി) | റോഡപകടങ്ങളിൽ കാൽനടയാത്രക്കാർ മരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുമോ; വിശദമാക്കുമോ? | (സി) | റോഡപകടങ്ങളിൽ കാൽനടക്കാർ മരിക്കുന്നത് ഒഴിവാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ ഭാഗത്തുനിന്നും കൂടുതൽ സ്പെഷ്യൽ ഡ്രൈവുകളും ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നുണ്ട്. ആപകടകരമായി വാഹനം ഓടിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസിന് അയോഗ്യത കൽപ്പിക്കുന്നുണ്ട്. കൂടാതെ ലൈസൻസിന് താൽക്കാലിക അയോഗ്യത കൽപ്പിക്കപ്പെടുന്നവർക്ക് IDTR മുഖേന ഡ്രൈവിംഗ്-ബോധവൽക്കരണ പരിശീലനത്തിന് അയയ്ക്കാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ